## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3017 18.06.2019-ൽ മറുപടിക്ക്

### പ്ലസ് വൺ പഠനത്തിന് ആവശ്യമായ സീറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയിൽ എസ്.എസ്.എൽ.സി.പരീക്ഷ വിജയിച്ച കുട്ടികൾക്ക് പ്ലസ് വൺ പഠനത്തിന് ആവശ്യമായ സീറ്റുകൾ സർക്കാർ/എയ്ഡഡ് മേഖലകളിൽ ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹയർ സെക്കന്ററി വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തുന്നതിനായുള്ള സംസ്ഥാനതല കമ്മിറ്റി പാലക്കാട് ജില്ലയിൽ 2019-20 അധ്യയന വർഷം ലഭ്യമായ പ്ലസ് വൺ സീറ്റുകളുടെ എണ്ണം 2019 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ച വിദ്യാർത്ഥികളുടെ എണ്ണത്തെക്കാൾ കുറവാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) പ്ലസ് വൺ പഠനത്തിന് കൂടുതൽ സീറ്റുകൾ അനുവദിക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നതിന്റെ വിശദവിവരം നൽകുമോ ? | (ബി) 2019-20 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും പ്ലസ് വൺ കോഴ്സിന് 20% മാർജിനൽ സീറ്റ് വർദ്ധനവ് വരുത്തി ഉത്തരവായിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ പഠിതാക്കളില്ലാത്ത സർക്കാർ മേഖലയിലെ ഹയർ സെക്കന്ററി ബാച്ചുകൾ 2019-20 അധ്യയന വർഷം ഹയർ സെക്കന്ററി പ്ലസ് വൺ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ അതത് ജില്ലയിലോ, ജില്ലയ്ക്ക് പുറത്തോ ആവശ്യകതയുള്ള സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലേക്ക് മാറ്റി പുനഃക്രമീകരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ.